(സി) ജീവപര്യന്തം ശിക്ഷയ്ക്കു വിധിക്കപ്പെട്ട് കഴിയുന്ന സ്ത്രീകളുടെ എണ്ണം എത്ര ;

(ഡി) ജയിൽ ശിക്ഷയുടെ കാലാവധി പൂർത്തിയാക്കി പുറത്തു വരുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിലായി ശിക്ഷിക്കപ്പെട്ട് കഴിയുന്ന 116 സ്ത്രീകളുണ്ട്. ഇതിൽ വിദേശ വനിതകളാരും തന്നെയില്ല. തമിഴ്നാട്ടുകാരായ 4 വനിതകളുണ്ട്.

(ബി) ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും പിഴ ഒടുക്കാത്തതിനെ തുടർന്ന് കണ്ണൂർ സെൻട്രൽ ജയിലിൽ ഒരാൾ ശിക്ഷ അനുഭവിക്കുന്നുണ്ട്.

(സി) 26.

(ഡി) നിലവിലുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജയിൽ വിമുക്തരായ കുറ്റവാളികൾക്ക് (സ്ത്രീകൾക്കും പുരുഷന്മാർക്കും) സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകിവരുന്നു. നിലവിൽ 10,000 (പതിനായിരം) രൂപ വീതം ധനസഹായം നൽകിവരുന്നു. ചെറുകിട വ്യവസായങ്ങൾ കരകൗശല വസ്തു നിർമ്മാണം എന്നിവ തുടങ്ങുന്നതിലേയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. സംരക്ഷിക്കാൻ ആരുമില്ലാത്തവരും, ജയിലുകളിൽ നിന്ന് വിടുതൽ ചെയ്യുന്നതുമായ സ്ത്രീകളെ പാർപ്പിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് ചാക്കയിൽ ഒരു കെയർ ഹോം പ്രവർത്തിക്കുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

51 (807) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ചേലക്കര നിയോജകമണ്ഡലത്തിൽ പ്രസ്തുത വർഷത്തിൽ ആർക്കെല്ലാം ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിൽ വലിയ കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ചേലക്കര നിയോജകമണ്ഡലത്തിൽ ഈ കാലയളവിൽ 183 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി & ഇ) വലിയ കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില കേസുകളിൽ ഒറ്റപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്. പരാതി ഉണ്ടാകാതിരിക്കാൻ പരമാവധി വേഗത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും അർഹത പരിശോധിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

ഇടനിലക്കാർവഴി പണം നൽകാത്തവർക്ക് വിദേശത്ത് പോകാനാകാത്ത അവസ്ഥ

52 (808) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന പ്രശ്നങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിമാനത്താവളങ്ങളിൽ ഇടനിലക്കാർവഴി പണം നൽകാത്തവർക്ക് വിദേശത്ത് തൊഴിൽ തേടി പോകാനാവാത്ത അവസ്ഥ ഉണ്ടായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അഴിമതിക്കാർക്കെതിരേ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇമിഗ്രേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ പത്രവാർത്തയല്ലാതെ ഒരു പരാതിയും ലഭിച്ചിട്ടില്ല.

(ബി) ഇതു സംബന്ധിച്ച പത്രവാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അഴിമതി ആരോപണങ്ങളുമായി ബന്ധപ്പെട്ട തെളിവ് നല്കുവാൻ ആരുംതന്നെ മുന്നോട്ട് വന്നിട്ടില്ലാത്തതിനാലും മറ്റുതെളിവുകൾ ഒന്നുംതന്നെ ലഭിക്കാതിരുന്നതിനാലും മറ്റ് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(ഡി) ഇമിഗ്രേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി സംസ്ഥാന തലത്തിലും ഇന്റലിജൻസ് ബ്യൂറോ മുഖേനയും റിഫ്രഷർ കോഴ്സുകൾ അടിക്കടി നടത്തിവരുന്നുണ്ട്. കൂടാതെ മേലുദ്യോഗസ്ഥന്മാർ ഇമിഗ്രേഷൻ വിഭാഗത്തിൽ കൂടെക്കൂടെ മിന്നൽ പരിശോധന നടത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പരിശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly